# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2267 — 18.03.2015-ൽ മറുപടിക്ക്

## റിയാബ് നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ പൊതുമേഖലാസ്ഥാപനങ്ങളിൽ എം.ഡി.മാരെ തെരഞ്ഞെടുക്കാൻ റിയാബ് (RIAB) വിജ്ഞാപനം ഇറക്കിയെന്ന് വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലേയ്ക്കുമായി മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനായി ഒക്ടോബർ 2011-ലും ജൂലൈ 2012 ലും പൊതു വിജ്ഞാപനം ഇറക്കിയിരുന്നു. കൂടാതെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിലവിൽ ജോലി ചെയ്തുവരുന്ന എഞ്ചിനീയറിംഗ് യോഗ്യതയുള്ള മാനേജീരിയൽ തലത്തിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും യോഗ്യരായവരെ മാനേജിംഗ് ഡയറക്ടർമാരായി തെരഞ്ഞെടുക്കുന്നതിനായി സർക്കാർ കത്ത് നം.12558/എച്ച്-1/14/വ്യവ. തീയതി 18.07.2014 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ജൂലൈ 2014ലും വിജ്ഞാപനം |

നൽകിയിരുന്നു. സ്ഥാപനാടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള വിജ്ഞാപനം നൽകിയിട്ടില്ല.

(ബി) മേൽ വിഷയത്തിൽ എത്ര തവണ വിജ്ഞാപനം ഇറക്കിയെന്നും ഓരോ തവണയും എത്ര പേരെ സെലക്റ്റ് ചെയ്തുവെന്നും അവരെ ഏതൊക്കെ സ്ഥാപനങ്ങളിൽ നിയമിച്ചുവെന്നും വ്യക്തമാക്കുമോ?

(ബി) മേൽ വിഷയത്തിൽ രണ്ടു തവണ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഒക്ടോബർ 2011 ലെ വിജ്ഞാപനം സർക്കാർ റദ്ദുചെയ്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ജൂലൈ 2012ലെ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നടന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പ്രകാരമുള്ള ഷോർട്ട് ലിസ്റ്റിൽ നിന്നും ശ്രീ എം.കെ.ശശികുമാറിനെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനമായ സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിൽ [SIFL] മാനേജിംഗ് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.

ജൂലൈ 2014 പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നൽകിയ വിജ്ഞാപനം അനുസരിച്ച് നടന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പ്രകാരമുള്ള ഷോർട്ട് ലിസ്റ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ